# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. **297** — **19.07.2016** -ൽ മറുപടിക്ക്

**ജില്ലാ പൈതൃക മ്യൂസിയങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. കെ.സി.ജോസഫ് :<br>ശ്രീ. എ.പി. അനിൽകുമാർ :<br>ശ്രീ. കെ.എസ്. ശബരിനാഥൻ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(ബഹു.തുറമുഖവും പുരാവസ്തുവും മ്യൂസിയവും പുരാരേഖയും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കാൻ കർമ്മ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ ; | (എ) | ഉണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനുള്ള പദ്ധതി പുരാവസ്തു വകുപ്പ് നടപ്പാക്കി വരുന്നു. ആദ്യഘട്ടത്തിൽ 8 ജില്ലകളിൽ സ്ഥലം കണ്ടെത്തി സജ്ജീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം, തൃശ്ശൂർ ജില്ലകളിൽ മ്യൂസിയം സജ്ജീകരണ പ്രവർത്തനങ്ങൾ പൂർത്തീ കരണ ഘട്ടത്തിലാണ്. തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിൽ സജ്ജീകരണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നുണ്ട്. മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി മലപ്പുറം ജില്ലാ പൈതൃക മ്യൂസിയമായി സജ്ജീകരിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വിശദമാക്കാമോ : | (ബി) | നമ്മുടെ പൈതൃകത്തിന്റേയും ചരിത്രത്തിന്റേയും ശേഷിപ്പുകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും ഭാവിതലമുറയ്ക്ക് മനസിലാകുന്ന രീതിയിൽ ആധുനിക സംവിധാനങ്ങളോടുകൂടി നൂറ്റാണ്ടുകൾ പഴക്കമുള്ള നാണയങ്ങൾ, പുരാവസ്തുക്കൾ എന്നിവ പരിരക്ഷിച്ച് ശാസ്ത്രീയമായ രീതിയിൽ വെളിച്ച സജ്ജീകരണങ്ങളോടുകൂടി മതിയായ സുരക്ഷ ഉറപ്പു വരുത്തി മ്യൂസിയം സജ്ജീകരിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. ജില്ലാ പുരാവസ്തു പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതു മുഖേന അവയുടെ ഒരു ഭാഗം |

| | | | |
|---|---|---|---|
| | | | കേരള ചരിത്രവുമായി ബന്ധപ്പെടുത്തുന്നതും ജില്ലയ്ക്ക് പ്രത്യേക പരിഗണന നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതുമാണ്. പ്രസ്തുത പ്രദേശത്തിന്റെ പൈതൃകവുമായി ബന്ധപ്പെട്ടിട്ടുള്ള ഒരു വിഭാഗവും മ്യൂസിയത്തിലുണ്ടായിരിക്കുന്നതാണ്. സംസ്ഥാനത്തെ പൈതൃക സവിശേഷതകൾ വരുംതലമുറയ്ക്ക് ദൃശ്യമാക്കുക എന്ന ലക്ഷ്യത്തോടൊപ്പം കുട്ടികളിലും പൊതുജനങ്ങളിലും പൈതൃക സമ്പത്ത് കാത്ത് സൂക്ഷിക്കുന്നതിലെ പ്രാധാന്യം ബോദ്ധ്യപ്പെടുത്തുന്നതിനും ഈ സംരംഭം സഹായിക്കുമെന്ന് കരുതുന്നു. |
| (സി) | ഇതിന്റെ പ്രവർത്തനങ്ങൾക്ക് ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) | എല്ലാ ജില്ലകളിലും ജില്ലാതല പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ 8 ജില്ലകളിൽ മ്യൂസിയം പ്രവർത്തനങ്ങൾക്ക് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. 8 ജില്ലാ പൈതൃക മ്യൂസിയങ്ങളുടെ പദ്ധതി രേഖ അംഗീകരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. 2 മ്യൂസിയങ്ങൾ ഉത്ഘാടനം ചെയ്യുകയും, 5 മ്യൂസിയങ്ങളുടെ സജ്ജീകരണ പ്രവർത്തനങ്ങൾ പുരോഗതിയിലുമാണ്. മ്യൂസിയങ്ങളുടെ സജ്ജീകരണ പ്രവർത്തനങ്ങൾ നോഡൽ ഏജൻസിയായ 'കേരളം മ്യൂസിയം' മുഖേനയാണ് നടപ്പിലാക്കുന്നത്. സർക്കാരിന്റെ വിവിധ വകുപ്പുകളുടെയും ഉദ്യോഗസ്ഥരുടെയും സന്നദ്ധ സംഘടനകളുടെയും വ്യക്തികളുടെയും കൂട്ടായ സഹകരണം ഉറപ്പാക്കി പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിന് ആവശ്യമായ സ്ഥലം കണ്ടെത്തേണ്ടതുണ്ട്. ആയതിനു ശേഷം ഇക്കാര്യത്തിൽ ആവശ്യമായ ഭരണാനുമതിയും നൽകുന്ന മുറയ്ക്ക് മാത്രമേ മറ്റ് ജില്ലകളിൽ ജില്ലാതല മ്യൂസിയങ്ങൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ